പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3980 11.11.2019 ൽ മറുപടിയ്ക്ക്

# ഭിന്നശേഷിക്കാരായ ജീവനക്കാരുടെ ക്ഷേമം

ചോദ്യം മറുപടി

ശ്രീ.എൽദോ എബ്രഹാം

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സർക്കാർ സർവ്വീസിലുള്ള ഭിന്നശേഷിക്കാരായ ജീവനക്കാരുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (എ) The Rights of Persons with Disabilities Act, 2016, കേരള സർവ്വീസ് ചട്ടം എന്നിവയിൽ നിഷ്കർഷിക്കുന്ന എല്ലാ അവകാശ സംരക്ഷണവും ലഭിക്കുന്നതിന് ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് അർഹതയുണ്ട്. ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NHFDC) Financing Assistive Devices to enhance the employability of the PWDs എന്ന പദ്ധതി പ്രകാരം ഭിന്നശേഷിക്കാരായ ജീവനക്കാരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിന് ഹൈടെക് സഹായ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനും യാത്ര ചെയ്യുന്നതിന് അനുയോജ്യമായ വാഹനം വാങ്ങിക്കുന്നതിനും 6% മുതൽ പലിശ നിരക്കിൽ വായ്പ അനുവദിച്ചു വരുന്നു. |
| (ബി) പ്രസ്തുത ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി)കേരള സർവ്വീസ് ചട്ടത്തിൽ നിഷ്കർഷിക്കുന്ന സ്പെഷ്യൽ കാഷ്വൽ ലീവ്, സ്പെഷ്യൽ ഡിസെബിലിറ്റി ലീവ്, കൺവേയൻസ് അലവൻസ്, സ്ഥലംമാറ്റ ഇളവുകൾ, കുടുംബ പെൻഷനുള്ള പരിഗണനകൾ തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതിന് ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർ അർഹരാണ്. The Rights of Persons with Disabilities Act, 2016 സെക്ഷൻ 20(2) ൽ എല്ലാ സർക്കാർ സ്ഥാപനങ്ങളും ഭിന്നശേഷി സൗഹൃദമായിരിക്കണമെന്നും സെക്ഷൻ 23 ൽ ഭിന്നശേഷിക്കാരായ ജീവനക്കാരെ കേൾക്കുന്നതിന് എല്ലാ സർക്കാർ സ്ഥാപനങ്ങളിലും Grievance Redressal Officer നെ നിയമിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) ഭിന്നശേഷിക്കാരായ ജീവനക്കാരുടെ സർവ്വീസ് കാലാവധി ദീർഘിപ്പിച്ച് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

Jasmin Thomas

സെക്ഷൻ ഓഫീസർ